# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3186 3.4.2013-ൽ മറുപടിയ്ക്ക്

**കോഴിത്തീറ്റ ഫാക്ടറികളും ഹാച്ചറി യൂണിറ്റുകളും ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ഉബൈദുള്ള | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | കോഴിയിറച്ചിക്ക് അടുത്ത കാലത്തുണ്ടായ വിലക്കയറ്റത്തെ കുറിച്ചും കൃത്രിമ ക്ഷാമത്തെക്കുറിച്ചും വിലയിരുത്തിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | ബി) | 1.ആഭ്യന്തര വിപണിയിൽ ഉൽപാദന വർദ്ധനവുകൊണ്ടോ, ഉപഭോഗത്തിന്റെ കുറവുകൊണ്ടോ വിലയിടിച്ചിൽ ഉണ്ടാകുമ്പോൾ അന്യസംസ്ഥാന കോർപ്പറേറ്റുകൾ കേരളത്തിലേയ്ക്കുള്ള കോഴി വിൽപ്പന നിയന്ത്രിച്ച് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.<br>2.പക്ഷിപ്പനിപോലെയുള്ള കാരണങ്ങളാൽ കോഴിയിറച്ചി വിൽപനയിൽ ഇടിവ് ഉണ്ടാകുമ്പോൾ അന്യസംസ്ഥാന ലോബികൾക്കുണ്ടാകുന്ന നഷ്ടം നികത്തുവാൻ തുടർന്നുവരുന്ന സീസൺ വിൽപനയിൽ കൃത്രിമക്ഷാമം ,സൃഷ്ടിച്ച് വില ഉയർത്തി നേരത്തെയുണ്ടായിട്ടുള്ള നഷ്ടം നികത്തി വൻലാഭം കൊയ്യാനുള്ള ശ്രമം നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>3.സംസ്ഥാനത്തെ കോഴികർഷകർ ഉല്പാദനം മെച്ചപ്പെടുത്തുമ്പോൾ അവരെ അതിൽ നിന്നും പിൻതിരിപ്പിക്കാനും അവർക്ക് നഷ്ടം ഉണ്ടാക്കുവാനും വില ഇടിച്ച് താഴ്ത്തുകയും, ഇതുമൂലമുണ്ടാകുന്ന നഷ്ടം നികത്താൻ വൻകിട മുതലാളികൾ പിന്നീട് കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വില ഉയർത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | കോഴിത്തീറ്റ ഉല്പാദനത്തിലും ഹാച്ചറികളിലും അന്യസംസ്ഥാനങ്ങൾക്കുള്ള മേൽകോയ്മ അവസാനിപ്പിക്കാൻ സർക്കാർ നേരിട്ടോ | സി) | കേരള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ കൊട്ടിയം, കടപ്പനക്കുന്ന് എന്നിവിടങ്ങളിലെ തീറ്റ ഫാക്ടറിയിലും മീറ്റ് |

| | | | |
|---|---|---|---|
| | സഹകരണ മേഖലയിലോ കോഴിത്തീറ്റ ഫാക്ടറികളും ഹാച്ചറി യൂണിറ്റുകളും ആരംഭിക്കുമോ; | | പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ തീറ്റ ഫാക്ടറികളിലും കൂടുതൽ കോഴിത്തീറ്റ ഉൽപാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലഭ്യമെങ്കിൽ പ്രവർത്തനക്ഷമമായ പ്രൈവറ്റ് ഹാച്ചറികൾ വാടകയ്ക്കെടുത്ത് കൂടുതൽ ഇറച്ചിക്കോഴികുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ കെ.എസ്.പി.ഡി . സി യോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| ഡി) | സാമ്പത്തിക പ്രയാസം മൂലം അടച്ചുപൂട്ടിയ കോഴിഫാമുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സഹായം നൽകുമോ; | ഡി) | സാമ്പത്തിക പ്രയാസം മൂലം ഈ മേഖലയിൽ നിന്നും പിൻതിരിയുന്ന കോഴികർഷകർക്ക് ഒരു സഹായമെന്ന നിലയിലാണ് കെപ്കോ സംയോജിത ഫാമുകൾ തുടങ്ങിയത്. ഇതു വഴി കർഷകരുടെ ഫാമുകൾ ഏറ്റെടുത്ത് കോഴികുഞ്ഞുങ്ങൾ, തീറ്റ, മരുന്ന് എന്നിവ നൽകി കെപ്കോയുടെ നേതൃത്വത്തിൽ വളർത്തി തിരികെയെടുക്കുന്നു. ഇങ്ങനെ തിരികെയെടുക്കുമ്പോൾ ഇറച്ചിക്കോഴിയ്ക്ക് കിലോ ഒന്നിന് 6 രൂപയും മുട്ടക്കോഴിയ്ക്ക് ഒന്നിന് 7 രൂപയും വളർത്തുകൂലി നൽകി അവരെ സഹായിക്കുന്നു. |
| ഇ) | കേരളത്തിൽ വിൽക്കപ്പെടുന്ന കോഴിയുടെ വില നിശ്ചയിക്കുന്നതിൽ ഗവൺമെന്റ് സമയബന്ധിതമായി ഇടപെടുമോ; | ഇ) | ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| എഫ്) | സംസ്ഥാനത്ത് മറ്റ് വളർത്തുമൃഗങ്ങളുടെ സംരക്ഷണത്തിനും ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനത്തിനും നൽകി വരുന്ന സാമ്പത്തിക സഹായങ്ങളും പ്രോത്സാഹനങ്ങളും കോഴി കർഷകർക്ക് കൂടി നൽകുമോ; വിശദമാക്കുമോ? | എഫ്) | ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

Seele

സെക്ഷൻ ഓഫീസർ